# പതിനാലാം കേരള നിയമസഭ

## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3663** 11.11.2019-ൽ മറുപടിയ്ക്ക്

## തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

| ചോദ്യം<br>ശ്രീ.ടി.ജെ. വിനോദ് : | | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച അനധികൃത കെട്ടിടങ്ങളുടെ വിശദാംശം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) യും (ബി) യും | ബഹു. സുപ്രീം കോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസിലെ 23.09.2019 ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി 16.10.2019-ലെ G.O (Rt) No. 98/2017/Envt. പ്രകാരവും 17.10.2019-ലെ G.O (Rt) No. 101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ നഗരാസൂത്രകൻ/നഗരാസൂത്രക കൺവീനറായും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി, ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായും 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരം |

ലഭ്യമാവുകയുള്ളൂ. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) മരട് വിഷയത്തിലെ സുപ്രീംകോടതി ഉത്തരവ് എല്ലാ അനധികൃത ഫ്ലാറ്റുകൾക്കും ബാധകമല്ലേ; എങ്കിൽ ഈ പ്രശ്നത്തിൽ എന്ത് നിലപാട് സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മരടിൽ അനധികൃതമായി ഫ്ലാറ്റ് പണിത നിർമ്മാതാക്കൾക്കും അതിന് അനുമതി നൽകിയ പഞ്ചായത്ത് അധികൃതർക്കുമെതിരെ എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചത്; വ്യക്തമാക്കാമോ?

(സി) തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ചിട്ടുള്ള Alpha Ventures, H2O Holly Faith, Jain Coral Cove എന്നീ ഫ്ലാറ്റുകളുടെ നിർമ്മാതാക്കൾക്കെതിരെയും, നിർമ്മാണാനുമതി നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർക്കെതിരെയും ക്രൈം നം.471/CB/CU-II/EKM/R/19 (പനങ്ങാട് പി.എസ്. ക്രൈം നം.1108/19), ക്രൈം നം.472/CB/CU-II/EKM/R/19 (പനങ്ങാട് പി.എസ്. ക്രൈം നം. 1109/19), ക്രൈം നം. 473/CB/CU-II/EKM/R/19 (മരട് പി.എസ്. ക്രൈം നം.1293/19) u/s 607, 420 IPC & Sec. 13(1)(d), 13(2) of PC Act എന്നിങ്ങനെ 3 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ